# കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

(A Government of Kerala Undertaking)
**(Website: peedika.kerala.gov.in)**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം,
ചെറുന്നിയൂർ ടവേഴ്സ്,
ഒന്നാം നില,
വഞ്ചിയൂർ.പി.ഒ.,
തിരുവനന്തപുരം - 35.
ഫോൺ: 0471 - 2572758/2572189
e-mail: peedikaceo@gmail.com
തീയതി, 17.06.2013.

പ്രസിദ്ധീകരണത്തിന്

**ഷോപ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ**
**വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.**

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ മക്കൾക്ക് ഈ സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. 2012-13 അദ്ധ്യയന വർഷം വിവിധ വിഷയങ്ങളിൽ പ്ലസ്ടു മുതൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിഗ്രി വരെയുള്ള (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) ഏതെങ്കിലും പരീക്ഷയിൽ വിജയിച്ച തൊഴിലാളികളുടെ മക്കൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

സ്കോളർഷിപ്പിനുള്ള അപേക്ഷ ഫാറം കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷാ ഫാറങ്ങളും വിശദവിവരങ്ങളും **"peedika.kerala.gov.in"** എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ ഓഫീസുകളിൽ 2013 സെപ്റ്റംബർ 30 -നകം ലഭിച്ചിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. 0471-2572189/2572758.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ